പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2568** — **17.06.2019-ൽ മറുപടിയ്ക്ക്**

**ചെമ്പക്കാട് എസ്.റ്റി. കോളനിയിലെ വീട് പ്രശ്നം**

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.റ്റി. കോളനിയിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്ന കുടുംബങ്ങൾക്ക് വീട് നൽകുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | കാസറഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി കോളനിയിൽ 38 കുടുംബങ്ങളിൽ 34 കുടുംബങ്ങൾ വാസയോഗ്യമല്ലാത്ത വീടുകളിലാണ് കഴിയുന്നത്. ടി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് അനുവദിച്ച് നൽകുന്നതിന് ജില്ലാ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | മഴക്കാലത്ത് സ്വന്തം വീട്ടിൽ കഴിയാൻ സാധിക്കാത്ത വിധം ചോർന്നൊലിക്കുന്ന വീടുകളിലാണ് കോളനി നിവാസികൾ താമസിക്കുന്നതെന്ന വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഊരുകൂട്ട തീരുമാന പ്രകാരം 34 വീടുകൾക്ക് മുകളിലായി റെയിഡ്കോ മുഖേന ടാർപോളിൻ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) | 2019- 20 വർഷത്തെ അംബേദ്കർ വികസന പദ്ധതിയിൽ ടി കോളനി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ